പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 225

# 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും നടപ്പാക്കൽ ബിൽ

(ശ്രീ. ജി. സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 225

**2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും നടപ്പാക്കൽ ബിൽ**

(ശ്രീ. ജി. സ്റ്റീഫൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1212/2024.

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 225

# 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും നടപ്പാക്കൽ ബിൽ

(ജി. സ്റ്റീഫൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ ആകെ റോഡുകളുടെ 96 ശതമാനം ദൈർഘ്യം വരുന്നതും തദ്ദേശ അധികാര സ്ഥാപനങ്ങളുടെയും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെയും കീഴിൽ വരുന്നതുമായ പൊതുനിരത്തുകളുടെ പരിപാലനത്തിനും സ്ഥിരമായ സംരക്ഷണത്തിനും വേണ്ടിയുള്ള കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിലെ ആകെ റോഡുകളുടെ 96% ദൈർഘ്യം വരുന്നതും തദ്ദേശ അധികാര സ്ഥാപനങ്ങളുടെയും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെയും കീഴിൽ വരുന്നതുമായ പൊതുനിരത്തുകളുടെ പരിപാലനത്തിനും സ്ഥിരമായ സംരക്ഷണത്തിനും വേണ്ടിയുള്ള കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും നടപ്പാക്കൽ ആക്റ്റ്" എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.— സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "പൊതുനിരത്തുകൾ" എന്നാൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതും അവയുടെ പരിപാലന ചുമതലയുള്ളതും ഗതാഗതത്തിന് ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ റോഡുകൾ എന്നർത്ഥമാകുന്നു;

(2) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന അർത്ഥമാകുന്നു;

(3) "തദ്ദേശ അധികാരസ്ഥാനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13) കീഴിൽ രൂപീകരിച്ച ഒരു പഞ്ചായത്തോ 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റിന് (1994-ലെ 20) കീഴിൽ രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(4) "വാഹനം" എന്നാൽ മനുഷ്യരെയോ മൃഗങ്ങളെയോ അല്ലെങ്കിൽ സാധനങ്ങളോ വഹിച്ചു കൊണ്ടുപോകുന്നതിനോ മനുഷ്യരുടെ സഞ്ചാരത്തിന് ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും യന്ത്രോപായമോ അല്ലെങ്കിൽ ഉപകരണമോ ഉൾപ്പെടുന്നു.

3. <u>സമിതികളുടെ ഘടന.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോട് കൂടി കേരളത്തിലെ പൊതുനിരത്തുകൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി നിയമസഭാ മണ്ഡലതലത്തിലും ഗ്രാമപഞ്ചായത്ത് /കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലത്തിലും വാർഡ് തലത്തിലും പൊതുനിരത്ത് പരിപാലന സമിതികൾ രൂപീകരിക്കാവുന്നതാണ് .

(2) ഒന്നാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സമിതികളിൽ സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥരും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും പൊതുപ്രവർത്തകരും റോഡ് പരിപാലനത്തിൽ സാങ്കേതിക പരിജ്ഞാനം ഉള്ള വ്യക്തികളും പൊതു സംഘടനകൾ റസിഡന്റ്സ് അസോസിയേഷനുകൾ സാമൂഹ്യ-സാംസ്കാരിക സംഘടനകൾ എന്നിവയിലെ പ്രതിനിധികളും ഉൾപ്പെടുന്നതാണ് .

4. <u>സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും.</u>—(1) പൊതുനിരത്തുകളുടെ പരിപാലനത്തിനും സ്ഥിരമായ സംരക്ഷണത്തിനും സഹായകരമായ വിവരങ്ങൾ സർക്കാരിന്റെയും തദ്ദേശാധികാര സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുക.

(2) പൊതുനിരത്തുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് തദ്ദേശ അധികാര സ്ഥാപനങ്ങൾക്കും സർക്കാരിനും കൈമാറുക.

(3) പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവഹണം നടത്തുന്ന എല്ലാ സർക്കാർ -സർക്കാരിതര ഏജൻസികളുടെയും പ്രവർത്തനങ്ങൾക്ക് ആവശ്യവും സഹായകവുമായ കാര്യങ്ങൾ ചെയ്തു നൽകുക.

(4) ഇതുമായി ബന്ധപ്പെട്ട് ബോധവൽക്കരണം ഉൾപ്പടെയുള്ള പരിപാടികൾ തദ്ദേശാധികാര സ്ഥാപനങ്ങളുടെ സഹായത്തോടെയും മേൽനോട്ടത്തോടെയും സംഘടിപ്പിക്കുന്നതിൽ മുഖ്യപങ്കാളിത്തം വഹിക്കുക.

(5) പൊതുനിരത്തുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും യഥാസമയം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി തദ്ദേശാധികാര സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും സമർപ്പിക്കുക.

(6) സ്വകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ, അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ പൊതുനിരത്ത് പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഏകോപനം നിർവഹിക്കുക.

(7) ഒരു പൊതുനിരത്ത് നവീകരിക്കപ്പെടുമ്പോഴോ പുനരുദ്ധരിക്കപ്പെടുമ്പോഴോ പുതുതായി നിർമ്മിക്കപ്പെടുമ്പോഴോ ആയത് മനഃപൂർവ്വമോ ബോധപൂർവ്വമോ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരെങ്കിലും ശ്രമം നടത്തുന്നുവെന്ന് ബോധ്യപ്പെടുന്ന പക്ഷം ആയത് തെളിവുകൾ സഹിതം അതാത് സമിതികളുടെ മുമ്പാകെ കൊണ്ടുവരുകയും സർക്കാരിന്റെയും തദ്ദേശാധികാര സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.

(8) പൊതുനിരത്തുകൾ നശിപ്പിക്കുന്നതോ അല്ലെങ്കിൽ സ്ഥായിയായോ അല്ലാത്തതോ ആയ കേടുപാടുകൾക്ക് ഇടയാകുന്ന വിധത്തിൽ വാഹനങ്ങളോ മറ്റ് ഉപകരണങ്ങളോ വസ്തുക്കളോ പൊതു നിരത്തുകളിൽ ഉപയോഗിക്കുന്ന പക്ഷം ആയത് തെളിവുകൾ സഹിതം അതാത് സമിതികളുടെ മുമ്പാകെ കൊണ്ടുവരുകയും സർക്കാരിന്റെയും തദ്ദേശാധികാര സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.

5. <u>എക്സിക്യൂട്ടീവ് കമ്മിറ്റി.</u>—(1) മൂന്നാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം വിവിധ തലങ്ങളിൽ രൂപീകരിക്കപ്പെടുന്ന പൊതുനിരത്ത് പരിപാലന സമിതികൾക്ക് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ് അതായത്:—

(എ) നിയമസഭാ മണ്ഡലം സമിതി,—

(i) മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ, (അദ്ദേഹം) കൺവീനർ ആയിരിക്കുന്നതാണ്;

(iii) അതത് നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, വികസനകാര്യ/മരാമത്ത് കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ഡി.വൈ.എസ്.പി., സെക്രട്ടറിമാർ, അസി: എൻജിനീയർമാർ, ബ്ലോക്ക് തല അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, പൊതുമരാമത്ത് അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, വില്ലേജ് ഓഫീസർമാർ എന്നിവർ അംഗങ്ങൾ ആയിരിക്കും.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപന സമിതി,—(i) തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, (അദ്ദേഹം) ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ, (അദ്ദേഹം) കൺവീനർ ആയിരിക്കുന്നതാണ് ;

(iii) അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്ന ജനപ്രതിനിധികൾ, സെക്രട്ടറി, സ്റ്റേഷൻ ഹൗസ് ഓഫീസർ, അസി: എൻജിനീയർമാർ, പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർ, വില്ലേജ് ഓഫീസർമാർ, സി.ഡി.എസ് . ഭാരവാഹികൾ എന്നിവർ അംഗങ്ങൾ ആയിരിക്കും.

(സി) വാർഡ് തല സമിതി,—

(i) വാർഡ് മെമ്പർ, (അദ്ദേഹം) ചെയർമാൻ ആയിരിക്കുന്നതാണ് ;

(ii) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ, (അദ്ദേഹം) കൺവീനർ ആയിരിക്കുന്നതാണ് ;

(iii) സ്റ്റേഷൻ ഹൗസ് ഓഫീസറുടെ പ്രതിനിധി, തദ്ദേശാധികാര സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥ പ്രതിനിധി, എ.ഡി.എസ് ഭാരവാഹികൾ എന്നിവർ അംഗങ്ങൾ ആയിരിക്കും.

(2) എക്സിക്യൂട്ടീവ് കമ്മിറ്റി, സമിതി ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ് .

6. <u>യോഗങ്ങൾ.</u>—(1) അതത് സംഗതി പോലെ വിവിധ തലങ്ങളിലെ സമിതി യോഗങ്ങൾ ചെയർമാൻ തീരുമാനിച്ചേക്കാവുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും ചേരേണ്ടതാണ് .

(2) ആറുമാസത്തിലൊരിക്കൽ നിയമസഭാ മണ്ഡലം സമിതി യോഗങ്ങളും, മൂന്നു മാസത്തിൽ ഒരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപന സമിതികളും വാർഡുതല സമിതികളും യോഗം ചേരേണ്ടതാണ് .

(3) യോഗത്തിനുള്ള കോറം 10 ആയിരിക്കേണ്ടതാണ് .

7. <u>സമിതിയുടെ കാലാവധി.</u>—(1) മൂന്നാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന സമിതിയുടെ കാലാവധി രൂപീകരണ തീയതി മുതൽ രണ്ട് വർഷം ആയിരിക്കും.

(2) ഒരു സമിതിയിലെ ചെയർമാൻ ജനപ്രതിനിധി അല്ലാതായി കഴിയുമ്പോൾ അതത് തലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പുതിയ ജനപ്രതിനിധി ചെയർമാനായി ചുമതലിക്കേണ്ടതാണ് .

(3) സമിതികളിലെ ജനപ്രതിനിധിയോ സർക്കാർ ഉദ്യോഗസ്ഥരോ അല്ലാത്ത ഏതൊരംഗത്തിനും രേഖമൂലം ചെയർമാന് അറിയിപ്പ് നൽകി സമിതി അംഗത്വം രാജിവയ്ക്കാവുന്നതാണ്.

8. സമിതികളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും.—മൂന്നാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം വിവിധ തലങ്ങളിൽ രൂപീകരിക്കപ്പെടുന്ന സമിതികളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന പക്ഷം ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

9. കാര്യങ്ങളുടെ തീർപ്പാക്കൽ.—സമിതിയോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ തീരുമാനിക്കേണ്ട ഏതൊരു സംഗതിയും അതത് സംഗതി പോലെ സമിതിയുടെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജർ ഉള്ള അംഗങ്ങളുടെ ഭൂരിപക്ഷ തീരുമാനമനുസരിച്ച് പരിഗണിക്കേണ്ടതും തീർപ്പാക്കേണ്ടതും ആണ്.

10. പിഴ ഈടാക്കൽ.—4-ാം വകുപ്പിലെ (7), (8) ഉപവകുപ്പുകൾ പ്രകാരം പൊതുനിരത്തുകൾ നശിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് അങ്ങനെ ചെയ്തിട്ടുണ്ടെന്ന് സർക്കാരിനോ തദ്ദേശാധികാര സ്ഥാപനത്തിനോ ബോധ്യപ്പെടുന്ന പക്ഷം പിഴ ഈടാക്കാവുന്നതാണ്.

11. ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഈ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധം പുറപ്പെടുവിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ഉൾപെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ മുഖമുദ്രയാണ് മെച്ചപ്പെട്ട റോഡുകൾ. കേരളത്തിലെ റോഡ് ശൃംഖലയിലെ ആകെയുള്ള 3,31,904 കിലോമീറ്റർ ദൈർഘ്യത്തിൽ 86.3 ശതമാനവും തദ്ദേശാധികാര സ്ഥാപനങ്ങളുടെയും 9.6 ശതമാനം പൊതുമരാമത്ത് വകുപ്പിന്റെയും പരിപാലന ചുമതലയിലുള്ളവയാണ് . അതത് കാലങ്ങളിൽ നവീകരിക്കപ്പെടുകയും പുനരുദ്ധരിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഈ റോഡുകൾ ശരിയായി പരിപാലിക്കപ്പെടാത്തത് കാരണം പൊതുജനങ്ങളുടെ ദൈനംദിന യാത്രയ്ക്കും ഗതാഗതത്തിനും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട് . നിരവധി റോഡപകടങ്ങളും തന്മൂലം സംഭവിക്കുന്നുമുണ്ട് . മാത്രവുമല്ല നിരത്തുകളിലൂടെ ഓടുന്ന വാഹനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവുണ്ടായി. ഈ സാഹചര്യത്തിൽ പുതിയതായി നിർമ്മിക്കപ്പെടുന്നതും നവീകരിക്കപ്പെടുന്നതും പുനരുദ്ധരിക്കപ്പെടുന്നതുമായ റോഡുകൾ കൂടുതൽ കാലം നിലനിൽക്കേണ്ടതിനും അതിലൂടെ പൊതു ജനത്തിന് മെച്ചപ്പെട്ട ഗതാഗത സൗകര്യം നൽകുന്നതിന്റെയും ആവശ്യകത ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാധികാര സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ് . ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വെക്കേണ്ടതും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദാക്കുവാനുമുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്ക് വേണ്ടിയാണ് . ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ് .

**ജി. സ്റ്റീഫൻ എം. എൽ. എ.**